**അനുബന്ധം**

നക്ഷത്ര ചിഹ്നമിടാത്ത  ചോദ്യങ്ങൾക്ക് നൽകിയ മറുപടിയിൽ വന്ന പിശക് തിരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച പ്രസ്താവന

നക്ഷത്ര ചിഹ്നമിടാത്ത  ചോദ്യം നം. 2124

**ഉദ്യോഗസ്ഥന്മാരുടെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകൾ**

ചോദ്യം

(എ) ഉദ്യോഗസ്ഥന്മാരുടെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളിൽ ആർക്കെല്ലാമെതിരെയാണ് കേസ് എടുത്തതെന്നും എന്തിനെല്ലാമായിരുന്നു കേസ് എടുത്തതെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർ തടവിലാക്കപ്പെട്ടു; ആരെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(സി) എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ പിഴ ചുമത്തി; ആർക്കെല്ലാമെതിരെയാണ് പിഴ  ചുമത്തിയത്; വിശദാംശം ലഭ്യമാക്കാമോ?

നൽകിയ ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30.11.2014 വരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 458 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) മുൻ കാലങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെ മൊത്തം 62 ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എല്ലാ കേസ്സുകളിലും അപ്പീൽ നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 4 വിജിലൻസ് കോടതികളിലും കൂടി 62 കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ 28,88,050 രൂപ പിഴ ചുമത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രതികൾ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ പിഴ ഒടുക്കിയിട്ടില്ല.

<u>പുതുക്കിയ ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30.11.2014 വരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 423 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) മുൻ കാലങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെ മൊത്തം 62

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എല്ലാ കേസ്സുകളിലും അപ്പീൽ നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 4 വിജിലൻസ് കോടതികളിലും കൂടി 62 കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ 28,88,050 രൂപ പിഴ ചുമത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രതികൾ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ പിഴ ഒടുക്കിയിട്ടില്ല.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2150

## അഴിമതിക്കേസ്സുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

ചോദ്യം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, വകുപ്പ് എന്നിവ അറിയിക്കുമോ;

(സി) പ്രസ്തുത കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ?

നൽകിയ ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ അധികാരമേറ്റശേഷം 30.11.2014 വരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 458 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ അന്വേഷണ ഘട്ടങ്ങളിലും, പ്രതികളെ ചേർക്കാറുള്ളതിനാൽ എത്ര പ്രതികൾ എന്ന് ക്ലിപ്തമായി പറയാൻ കഴിയുന്നില്ല. ഏകദേശം 800 ഉദ്യോഗസ്ഥർക്ക് എതിരെയാണ് പ്രസ്തുത കേസ്സുകൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എല്ലാ കേസ്സുകളിലും അന്വേഷണ ഘട്ടത്തിൽ ആണ്.

<u>പുതുക്കിയ ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരമേറ്റശേഷം 30.11.2014 വരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 423 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലുൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, വകുപ്പ് എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

(സി) എല്ലാ കേസ്സുകളും അന്വേഷണ ഘട്ടത്തിൽ ആണ്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.